**QP CODE: 23004024**

23004024

**Reg No** : ....................

**Name** : ....................

# M A DEGREE (CSS) EXAMINATION, JUNE 2023

**Fourth Semester**

MA MALAYALAM

**Core - ML010401 - NAADAKAVUM CINEMAYUM**

2019 ADMISSION ONWARDS

ED6C0927

Time: 3 Hours

Weightage: 30

**Part A (Short Answer Questions)**

*Answer any **eight** questions.*

*Weight **1** each.*

1. 'നദീതീരത്ത് നിൽക്കുന്ന മരങ്ങൾ വെള്ളപ്പൊക്കത്തിന്റെ ഒഴുക്കിന് തലകുനിച്ചു കൊടുത്താൽ രക്ഷപ്പെടും അല്ലെങ്കിൽ ഒടിയും. കൊടുങ്കാറ്റിൽ പായ് ചുരുട്ടാത്ത കപ്പൽ മുങ്ങിയേ തീരൂ' - സന്ദർഭവും ആശയവും വ്യക്തമാക്കുക?
2. *കാലക്രമത്തിന്നുരു ചക്രമതിന്റെയാര-*
   *ക്കാലെന്നപോലെ മറിയുന്നു മനുഷ്യഭാഗ്യം - സൂചിതം എന്ത്?* വിശദീകരിക്കുക.
3. 'നിയമത്തിന് മരണത്തിൽ താല്പര്യമില്ല, കൊലക്കേസിൽ മാത്രമേയുള്ളു' - സന്ദർഭവും സ്വാരസ്യവും വ്യക്തമാക്കുക?
4. ദേശത്തുടയോൻ എന്ന കഥാപാത്രത്തിന്റെ പ്രാധാന്യം എന്ത്? വിശദീകരിക്കുക?
5. ജോർജ് മെലീസ് സിനിമയുടെ ദൃശ്യഭാഷയിൽ വരുത്തിയ പ്രധാന മാറ്റങ്ങൾ എന്തെല്ലാം?
6. റാഷോമോണി'ന്റെ ആഖ്യാനപ്രത്യേകതകൾ എന്തെല്ലാം?
7. ബിമൽ റോയ് ഇന്ത്യൻ ചലച്ചിത്ര മേഖലയ്ക്ക് നൽകിയ സംഭാവനകൾ എന്തെല്ലാം
8. മഞ്ഞനിറത്തിന്റെ പ്രതീകാത്മകത ആമേൻ എന്ന സിനിമയെ മുൻനിർത്തി വിശകലനം ചെയ്യുക
9. മലയാളത്തിലെ ആദ്യകാല നാടകാവതരണ സംരംഭങ്ങളെ പരിചയപ്പെടുത്തുക
10. സഞ്ചരിക്കുന്ന സിനിമാ വണ്ടി - പ്രാധാന്യവും പ്രസക്തിയും വ്യക്തമാക്കുക

(8×1=8 weightage)

**Part B (Short Essay/Problems)**

*Answer any **six** questions.*

*Weight **2** each.*

11. ആധുനിക പാശ്ചാത്യ നാടകവേദിയുടെ സവിശേഷതകൾ വിശദീകരിക്കുക?
12. കേരളത്തിലെ സാമുദായിക പരിഷ്കരണ നാടകങ്ങളെ പരിചയപ്പെടുത്തി വിവരണം തയ്യാറാക്കുക
13. സ്ത്രീനാടകവേദി മലയാള നാടകവേദിക്ക് നൽകിയ സംഭാവനകളെ സംക്ഷിപ്തമായി അവതരിപ്പിക്കുക
14. യുദ്ധാനന്തര ഇറ്റാലിയൻ ജീവിതത്തെ 'ബൈസിക്കിൾ തീവ്സ്' അവതരിപ്പിച്ചിരുക്കുന്നത് എങ്ങനെ?
15. ടെലിവിഷൻ സിനിമയുടെ രൂപഭാവങ്ങളിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം?
16. ഋത്വിക് ഘട്ടക്കിന്റെ ചലച്ചിത്ര സങ്കല്പമെന്ത്?
17. പ്രമേയസ്വീകരണത്തിലെയും ആഖ്യാനത്തിലെയും വൈവിധ്യമാണ് കെ ജി ജോർജിന്റെ സിനിമകളെ ശ്രദ്ധേയമാക്കുന്നത് - പരിശോധിക്കുക
18. മലയാളത്തിലെ പ്രൊഫഷണൽ നാടകവേദിയുടെ വളർച്ചയിൽ കെ.പി.എ.സി നൽകിയ സംഭാവനകൾ വിശകലനം ചെയ്യുക

(6×2=12 weightage)

**Part C (Essay Type Questions)**

*Answer any **two** questions.*

*Weight **5** each.*

19. ആന്റിഗണിയും ദുരന്ത നാടക ദർശനവും എന്ന വിഷയത്തെ മുൻനിർത്തി ഒരു ഉപന്യാസം തയ്യാറാക്കുക?
20. 1128 ൽ ക്രൈം 27 എന്ന നാടകത്തിന്റെ രൂപപരവും ഭാവപരവുമായ വ്യതിയാനങ്ങൾ അപഗ്രഥന വിധേയമാക്കുക
21. ചലച്ചിത്രചരിത്രത്തിൽ അനന്യമായ സ്ഥാനമുള്ള സിനിമയാണ് ബാറ്റിൽഷിപ്പ് പൊട്ടംകിൻ - സമർത്ഥിക്കുക
22. മലയാളസിനിമയിലെ അനുവർത്തനത്തിന്റെ സ്വാധീനം ഉദാഹരണസഹിതം വിവരിക്കുക

(2×5=10 weightage)